"ഭരണഭാഷ – മാതൃഭാഷ"

കേരളം സംസ്ഥാനം
വ്യാവസായിക പരിശീലന വകുപ്പ്
ടെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽഭവൻ
പി.എം.ജി, വികാസ് ഭവൻ പി. ഒ, തിരുവനന്തപുരം - 33
e-Mail : cru.dttvpm@kerala.gov.in, Phone : 0471-2303856

ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ : സുധാശങ്കർ ആർ)

വിഷയം : വ്യാവസായിക പരിശീലന വകുപ്പ് – ടെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം - നെടുമങ്ങാട് ഐ.ടി.ഐ.യിൽ പരിശീലനം നൽകുന്നതിന് ഇൻസ്ട്രക്ടർമാരെ നിയോഗിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. തൊഴിലും നൈപുണ്യവും (സി) വകുപ്പിൽ നിന്നുള്ള സർക്കാർ ഉത്തരവ് സ.ഉ.(കൈ) നമ്പർ **18/2026/LBR** തീയതി **14/03/2026.**

2. നെടുമങ്ങാട് ഐ.ടി.ഐ പ്രിൻസിപ്പൽ ന്റെ **30/09/2026** തീയതിയിലെ അപേക്ഷ.

ഉത്തരവ് നമ്പർ : DT/5622/2026-A10 തീയതി 12-10-2026

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കരിപ്പൂർ വില്ലേജിൽ നാല് ട്രേഡുകളോടു കൂടി സർക്കാർ തലത്തിൽ ഒരു പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതിന് പരാമർശം-1 പ്രകാരം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. ഫിറ്റർ, വെൽഡർ, മൾട്ടിമീഡിയ ആനിമേഷൻ & സ്പെഷ്യൽ എഫക്ട്സ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് എന്നീ നാല് ട്രേഡുകളാണ് ടി സ്ഥാപനത്തിൽ അനുവദിച്ചിട്ടുള്ളത്. രണ്ട് യൂണിറ്റുകൾ വീതമുള്ള നാല് ട്രേഡുകളിലേക്കുമായി ആകെ എട്ട് പുതിയ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളും ഇതോടൊപ്പം സർക്കാർ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

സ്ഥാപനത്തിലെ ഫിറ്റർ ട്രേഡിലെ ഒരു ബാച്ച് ഒഴികെയുള്ള മുഴുവൻ ബാച്ചുകളിലും **2026** വർഷത്തിൽ ടെയിനികൾ അഡ്മിഷൻ നേടിയതിനാൽ ഉടൻ തന്നെ ക്ലാസുകൾ ആരംഭിക്കണമെന്നും ഇതിലേക്കായി ഇൻസ്ട്രക്ടർമാരെ നിയമിച്ച് ഉത്തരവാകണമെന്നും പരാമർശം-2 പ്രകാരം നെടുമങ്ങാട് ഐ.ടി.ഐ പ്രിൻസിപ്പൽ അപേക്ഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, നെടുമങ്ങാട് സർക്കാർ ഐ.ടി.ഐ.യിലെ ടെയിനികൾക്ക് പരിശീലനം നൽകുന്നതിനായി, വ്യാവസായിക പരിശീലന വകുപ്പിലെ വിവിധ ഐ.ടി.ഐ.കളിൽ സേവനമനുഷ്ഠിച്ചു വരുന്ന ചുവടെ ചേർത്തിട്ടുള്ള ഇൻസ്ട്രക്ടർമാരെ പ്രസ്തുത സ്ഥാപനത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ച്

ഉത്തരവാകുന്നു.

ക്രമ നമ്പർ	പേര്	തസ്തിക	നിലവിൽ സേവനത്തിലുള്ള സ്ഥാപനം
1	അശ്വതി ദേവി ജി **(PEN : 369713)**	സീനിയർ ഇൻസ്ട്രക്ടർ **(COPA)**	ഐ.ടി.ഐ ധനുവച്ചപുരം
2	സബീർ എ എസ് **(PEN : 343000)**	സീനിയർ ഇൻസ്ട്രക്ടർ **(COPA)**	ഐ.ടി.ഐ ആര്യനാട്
3	സനോജ് എസ് **(PEN : 937182)**	ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ)	ഐ.ടി.ഐ ചാക്ക
4	ആൻറണി ഐ തോമസ് **(PEN : 937178)**	ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ)	ഐ.ടി.ഐ ചാക്ക
5	പ്രകാശ് ജി കെ **(PEN : 846476)**	ജൂനിയർ ഇൻസ്ട്രക്ടർ (ഫിറ്റർ)	ഐ.ടി.ഐ ആര്യനാട്
6	വിജിൽ വിദ്യൻ വി **(PEN : 920303)**	ജൂനിയർ ഇൻസ്ട്രക്ടർ (മൾട്ടിമീഡിയ ആനിമേഷൻ & സ്പെഷ്യൽ എഫക്ട്സ്)	ഐ.ടി.ഐ ചാല

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ടി ജീവനക്കാരെ അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിയ്ക്കേണ്ടതുമാണ്. **2026** ലെ പൊതുസ്ഥലംമാറ്റ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ആയതനുസരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിയ്ക്കുന്ന അവസരത്തിൽ ആവശ്യമെങ്കിൽ ഈ സ്ഥലംമാറ്റം പുനഃപരിശോധിയ്ക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് : **1.** പ്രിൻസിപ്പൽ, ഗവ: ഐ.ടി.ഐ നെടുമങ്ങാട്
2. ബന്ധപ്പെട്ട ജീവനക്കാർ (സ്ഥാപന മേധാവി മുഖേന)

പകർപ്പ് : ഐ.ടി സെൽ (വകുപ്പ് വെബ് സൈറ്റ്)

File No. DT/5622/2026-A10 (Computer No. 972542)
Generated from eOffice by ARAVIND R, A 10 DTTVPM., A10 DTTVPM, INDUSTRIAL TRAINING DEPARTMENT on 17/10/2026 09:51 AM